കേരള സർക്കാർ

നം.ആർ.എ 1/20/2018-തസ്വഭവ

തദ്ദേശസ്വയംഭരണ (ആർ.എ) വകുപ്പ്
തിരുവനന്തപുരം, തീയതി:04.01.2019

## സർക്കുലർ

വിഷയം: തദ്ദേശസ്വയംഭരണ വകുപ്പ് - പാർക്കിംഗ് ഏര്യ ചട്ടവിരുദ്ധമായി മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നത് - നിർദ്ദേശം പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

സൂചന:
1) നഗരകാര്യ ഡയറക്ടറുടെ 28.12.2017-ലെ ജി1-10911/17 നമ്പർ കത്ത്.
2) ചീഫ് ടൗൺ പ്ലാനറുടെ 02.06.2018-ലെ ഇ 3/3468/2018 നമ്പർ കത്ത്.
3) തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ ചേമ്പറിൽ 07.11.2018-ൽ ചേർന്ന യോഗത്തിലെ തീരുമാനം.

സംസ്ഥാനമൊട്ടാകെ വാണിജ്യ സ്ഥാപനങ്ങളും മറ്റ് ബഹുനില മന്ദിരങ്ങളും പെർമിറ്റ് പ്രകാരം പാർക്കിംഗ് ഏര്യയായി നീക്കിവച്ചിട്ടുള്ള ഭാഗങ്ങൾ ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് നേടിയ ശേഷം കെട്ടിയടച്ച് വാണിജ്യാവശ്യങ്ങൾക്കും മറ്റും ഉപയോഗിച്ച് വരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരത്തിലുള്ള ദുരുപയോഗം തടയുന്നതിനും കംപ്ലീഷൻ പ്ലാനിൽ നിന്ന് രൂപമാറ്റം വരുത്തി മറ്റ് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയിട്ടില്ല എന്ന് ഭാവിയിൽ നടക്കുന്ന പരിശോധനകളിൽ ഉറപ്പുവരുത്തുന്നതിനായി പണി പൂർത്തിയാക്കിയ ശേഷം ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് നൽകുമ്പോൾ കംപ്ലീഷൻ പ്ലാനിന്റെ സാക്ഷ്യപെടുത്തിയ ഒരു പകർപ്പുകൂടി അപേക്ഷകന് നല്കേണ്ടതാണെന്ന് എല്ലാ തദ്ദേശസ്വയംഭരണ സെക്രട്ടറിമാർക്കും നിർദ്ദേശം നല്കുന്നു.

**കെ.ഗോപാലകൃഷ്ണ ഭട്ട്**
**സ്പെഷ്യൽ സെക്രട്ടറി**

1. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം (ഈ സർക്കുലറിന്റെ പകർപ്പ് അടിയന്തിരമായി എല്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും ലഭ്യമാക്കേണ്ടതാണ്)
2. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം (ഈ സർക്കുലറിന്റെ പകർപ്പ് അടിയന്തിരമായി എല്ലാ മുൻസിപ്പൽ സെക്രട്ടറിമാർക്കും ലഭ്യമാക്കേണ്ടതാണ്)
3. എല്ലാ മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിമാർക്കും
4. ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം
5. ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്)
6. ചീഫ് ടൗൺ പ്ലാനർ (പ്ലാനിംഗ്)

(തുടർച്ച........2)

7. റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യം (കൊല്ലം, കൊച്ചി, കോഴിക്കോട്)
8. എല്ലാ ജില്ലാ ടൗൺ പ്ലാനർമാർക്കും
9. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ (വെബ്സൈറ്റുകളിൽ പ്രസിദ്ധീകരിക്കുന്നതിനായി)
10. വെബ് & ന്യൂ മീഡിയ, ഐ &പി.ആർ.ഡി
11. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.